Page 1 of 1

ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. അംഗീകാരം ലഭിച്ചതിൽ, നൽകുവാൻ ബാക്കിയുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ പത്തിയൂർ, കണ്ടല്ലൂർ, ദേവികുളങ്ങര എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിന് പമ്പാ നദി സ്രോതസ്സായും ചെട്ടികുളങ്ങര പഞ്ചായത്തിനുവേണ്ടി അച്ചൻകോവിൽ നദി സ്രോതസ്സായും ജൽജീവൻ മിഷന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് പരിഗണനയിലാണ്.

കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ കുടിവെള്ള പദ്ധതി

278(1024) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽജീവൻ കുടിവെള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

2020-21-ൽ കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതി പ്രകാരം 50 കുടിവെള്ള കണക്ഷനുകൾ നൽകി. ബാക്കിയുള്ള 4222 കണക്ഷനുകൾക്ക് 4572 ലക്ഷം രൂപയുടെ ഭരണാനുമതി 18-9-2021-ൽ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

മേൽപ്പറഞ്ഞ 4222 കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനും ടെണ്ടർ ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ പ്രവൃത്തി 2023-ൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കോട്ടയ്ക്കൽ മണ്ഡലത്തിലെ ജൽജീവൻ പദ്ധതി

279(1025) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ശുദ്ധവും സുരക്ഷിതവുമായ ജലമാണ് പൊതുജനങ്ങളിലേക്ക് എത്തുന്നതെന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിനായി താഴെ പറയുന്ന പ്രവൃത്തികൾ നിലവിൽ നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly